**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1864 | 14.08.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| | കോങ്ങാട് മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദ വിവരം നൽകുമോ? | | കോങ്ങാട് മണ്ഡലത്തിൽ നിന്നും ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളാണ് മങ്കര പ്രാഥമിക ആരോഗ്യ കേന്ദ്രവും , കല്ലാടിക്കോട് പ്രാഥമിക ആരോഗ്യ കേന്ദ്രവും. ടി ആശുപത്രികളിൽ ഓരോ മെഡിക്കൽ ആഫീസർമാരുടേയും രണ്ടുവീതം സ്റ്റാഫ് നഴ്സുമാരുടേയും, ഓരോ ലാബ് ടെക്നീഷ്യന്റെയും അധിക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറൈസ്ഡ് ഒ.പി രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ, എന്നിവയും കേന്ദ്രത്തിലേയ്ക്കാവശ്യമായ 'സൈനേജുകൾ' സ്വകാര്യതയോട് കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ,, പബ്ളിക് അഡ്രസ്സിംഗ് സിസ്റ്റം, ആരോഗ്യ ബോധവത്ക്കരണത്തിനുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ തുടങ്ങിയവ ക്രമീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ